(സി) എത്ര ഏക്കർ സ്ഥലത്തുനിന്നാണ് മണ്ണ് നീക്കം ചെയ്യാൻ കഴിഞ്ഞിട്ടുള്ളത് ; നികത്തപ്പെട്ട വയലുകളും നീർത്തടങ്ങളും പൂർണ്ണമായും പൂർവ്വസ്ഥിതിയിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ആറന്മുള വിമാനത്താവള പദ്ധതിക്കുവേണ്ടി മണ്ണിട്ട് നികത്തിയ നീർത്തടങ്ങൾ പൂർവ്വ സ്ഥിതിയിലാക്കാൻ ബഹു. ഹൈക്കോടതി 16-6-2014-ൽ WP(C) 6519/2014 നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശം നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മണ്ണ് ഇതുവരെ നീക്കം ചെയ്ത് തുടങ്ങിയിട്ടില്ല. 16-6-2014-നാണ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നും വിധിയായത്. ടി തോടിന്റെ അതിർത്തി നിർണ്ണയിക്കുന്നതിനായി ഒരു സർവ്വേ ടീമിനെ നിയോഗിക്കുകയും ടി സർവ്വേ നടപടികൾ പൂർത്തിയായിട്ടുള്ളതുമാണ്. പ്രസ്തുത തോട്ടിലെ മണ്ണ് നീക്കം ചെയ്യുന്നതിന് വഴി സൗകര്യമില്ലാത്തതാണ്. സ്വകാര്യ വസ്തുക്കളിലൂടെയാണ് മണ്ണെടുക്കുന്നിടത്തേക്ക് പ്രവേശിക്കേണ്ടത്. മണ്ണ് നീക്കം ചെയ്യുന്നതിന് 1.02 കോടി രൂപ ചെലവ് വരുന്നതും ആയതിന് ഫണ്ട് ലഭിച്ചാൽ മാത്രമേ മണ്ണ് നീക്കം ചെയ്യുന്ന ജോലി ആരംഭിക്കാൻ കഴിയുവെന്നും മൈനർ ഇറിഗേഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിരുന്നു. ഈ സമയം ചെങ്ങന്നൂർ കോട്ടയം റെയിൽവേ ലൈനിന്റെ ഇരട്ടിപ്പിക്കൽ ജോലിക്കായി മണ്ണ് ആവശ്യമാണെന്ന് കാണിച്ച് റെയിൽവേ അധികൃതർ കത്ത് നൽകിയിരുന്നു. നീക്കം ചെയ്യുന്ന മണ്ണിന്റെ അളവ് കൂടുതലായതിനാൽ വലിയ വാഹനങ്ങൾ ഉപയോഗിക്കേണ്ടി വരും. അത്തരം വാഹനങ്ങൾ ഉപയോഗിക്കുവാൻ നിലവിലെ വഴികൾ അപര്യാപ്തമായതിനാൽ റോഡുകൾ നിർമ്മിച്ച് നൽകണമെന്നും കൂടാതെ റോയൽറ്റി ഒഴിവാക്കി ഉത്തരവ് നൽകുകയും ചെയ്യണമെന്നും എന്നാൽ മാത്രമേ മണ്ണ് നീക്കം ചെയ്യുന്നത് ആരംഭിക്കാൻ കഴിയുവെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി അടൂർ ആർ.ഡി.ഒ.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**പ്രകൃതി ദുരന്ത നിവാരണ സംവിധാനങ്ങൾ**

188 (1244) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ കാലാവസ്ഥ മുന്നറിയിപ്പ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേന്ദ്ര ദുരിത നിവാരണ സേനയുടെ സഹായത്താൽ സംസ്ഥാനത്ത് ദുരന്തനിവാരണത്തിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത്;

(സി) ഏതെല്ലാം ദുരന്തങ്ങൾക്കാണ് പ്രസ്തുത സംവിധാനങ്ങൾ പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) കാലാവസ്ഥ മുന്നറിയിപ്പ് നൽകുന്നതിന് കേന്ദ്ര സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത് കേന്ദ്ര കാലാവസ്ഥ വകുപ്പിനെയാണ്. പ്രസ്തുത അറിയിപ്പുകൾ ദുരന്ത നിവാരണ അതോറിറ്റിയുടെ കൺട്രോൾ റൂം വഴിയും സംസ്ഥാന അടിയന്തര കാര്യനിർവ്വഹണ കേന്ദ്രത്തിൽ നിന്നും എസ്.എം.എസ്. ആയും ഇ-മെയിൽ ആയും എല്ലാ ജില്ലാ കളക്ടർമാർക്കും ആഭ്യന്തര സെക്രട്ടറിക്കും ചീഫ് സെക്രട്ടറിക്കും റവന്യൂ സെക്രട്ടറിക്കും ലഭ്യമാക്കുന്നു.

(ബി) കേന്ദ്ര ദുരന്ത നിവാരണ സേനയുടെ ഒരു സ്ഥിരം സ്റ്റേഷൻ കേരളത്തിൽ സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ കേന്ദ്ര ആഭ്യന്തര മന്ത്രാലയവുമായി ചേർന്ന് നടത്തിവരുന്നു. ഇപ്പോൾ അടിയന്തര ഘട്ടങ്ങളിൽ ആർക്കോണത്തുള്ള സ്ഥിരം സ്റ്റേഷനിൽ നിന്നും സേനയുടെ ടീമിനെ ആവശ്യാനുസരണം വിന്യസിച്ചുവരുന്നു.

(സി) പ്രകൃതി ദുരന്തങ്ങളും മനുഷ്യ നിർമ്മിതമായ വലിയ ദുരന്തങ്ങളും ആവശ്യാനുസരണം നേരിടുന്നതിനാണ് പ്രസ്തുത സംവിധാനങ്ങൾ പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത്.

(ഡി) ദേശീയ ദുരന്ത നിവാരണ സേനയ്ക്ക് കേരളത്തിൽ സ്ഥിരം താവളം ഒരുക്കുവാൻ 1½ ഏക്കർ ഭൂമി ഏറ്റെടുത്ത് കേന്ദ്ര സർക്കാരിന് കൈമാറുന്നതിനു വേണ്ടിയുള്ള പ്രൊപ്പോസൽ ലാന്റ് റവന്യൂ കമ്മീഷണർ മുഖേന സമർപ്പിക്കുവാൻ എറണാകുളം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ആദിവാസി കുടുംബങ്ങൾക്ക് പട്ടയം**

189 (1245) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ 1986 മുതൽ 2014 നാളിതുവരെ ആകെ എത്ര പട്ടയങ്ങൾ നൽകി ; ഇപ്രകാരം എത്ര ഏക്കർ ഭൂമി വിതരണം ചെയ്തു ; ഇതിൽ എത്ര ഏക്കർ വനഭൂമിക്ക് പട്ടയം നൽകി ;

LIBRARY ARCHIVES Kerala Legislative Assembly